**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2958**

**10.05.2017-ൽ മറുപടിക്ക്**

**സദാചാര ഗുണ്ടായിസം അവസാനിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി.** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കൊച്ചിയിലെ മറൈൻഡ്രൈവിൽ ശിവസേന നടത്തിയ സദാചാര ഗുണ്ടായിസം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് ആർക്കെങ്കിലും എതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; വിശദാംശം ലഭ്യമാക്കുമോ; | (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 684/17 u/s 143, 147, 353, 354(A), 308, 506, 149 IPC പ്രകാരം 20 ശിവസേന പ്രവർത്തകർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ 11 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. |
| (സി) സദാചാര പോലീസ് ചമഞ്ഞുള്ള ഗുണ്ടായിസങ്ങൾ അവസാനിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിലേയ്ക്ക് പൊതു നിരത്തുകൾ, പാർക്കുകൾ, ഷോപ്പിംഗ് മാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുള്ളതും, മഫ്തിയിലും അല്ലാതെയും വനിതാ പോലീസിന്റെ അടക്കം സാന്നിദ്ധ്യം ഉറപ്പ് വരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തികൾ റിപ്പോർട്ട് ചെയ്താൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**